ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 12.12.2024**

## പ്രധാനവാർത്തകൾ

1) ദുരന്ത നിവാരണ ഭേദഗതി ബില്ലിന്മേൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. ബില്ലിനെ എതിർത്ത് പ്രതിപക്ഷം.
2) ഭരണ-പ്രതിപക്ഷ ബഹളത്തിൽ പാർലമെൻറ് ഇന്നും പ്രക്ഷുബ്ധം. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.
3) പാലക്കാട് കല്ലടിക്കോട് സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഇടയിലേക്ക് ലോറി പാഞ്ഞുകയറി 4 മരണം. അപകടത്തെക്കുറിച്ച് വിശദമായി പരിശോധിച്ച് നടപടി കൈക്കൊള്ളുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
4) സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിൽ ചുവപ്പ് ജാഗ്രത
5) മലയോര മേഖലകളിൽ കനത്ത മഴയ്ക്ക് സാധ്യതയുള്ളതിനാൽ ജനങ്ങൾ പ്രത്യേക ജാഗ്രത പാലിക്കണമെന്ന് റവന്യൂ മന്ത്രി കെ. രാജൻ
6) 29 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കം

****************************

RNU TVPM

## ദുരന്ത നിവാരണ ഭേദഗതി

ദുരന്ത നിവാരണ ഭേദഗതി ബില്ലിന്മേൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. ദേശീയ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്ന ബിൽ കേന്ദ്രസർക്കാർ ഇന്നലെയാണ് സഭയിൽ അവതരിപ്പിച്ചത്. സംസ്ഥാന തലസ്ഥാനങ്ങളും, മറ്റ് പ്രധാന നഗരികളും കേന്ദ്രീകരിച്ച് ദുരന്ത നിവാരണത്തിനായി അർബൻ അതോറിറ്റികൾ രൂപീകരിക്കാനും ബിൽ വ്യവസ്ഥ ചെയ്യുന്നു. പ്രതിപക്ഷ പാർട്ടികൾ ബില്ലിനെ ശക്തമായി എതിർക്കുന്ന നിലപാടാണ് ലോക്സഭയിൽ സ്വീകരിച്ചത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പുവരുത്തണമെന്ന് ബില്ലിനെ എതിർത്ത് വിവിധ പ്രതിപക്ഷ പാർട്ടി അംഗങ്ങൾ ചൂണ്ടിക്കാട്ടി. ടി.ഡിപി, ജെഡിയു അംഗങ്ങൾ ബില്ലിനെ അനുകൂലിച്ചു. ദുരന്തനിവാരണത്തെ പ്രാദേശിക തലത്തിലേക്കെത്തിക്കാൻ ബിൽ മാർഗ്ഗമൊരുക്കുമെന്ന് ഭരണപക്ഷ അംഗങ്ങൾ ചൂണ്ടിക്കാട്ടി

***************************

## പാർലമെൻറ് പ്രതിഷേധം

അദാനി, ജോർജ് സോറോസ് വിഷയങ്ങളിൽ പാർലമെൻറ് ഇന്നും പ്രക്ഷുബ്ധമായിരുന്നു. ഭരണ-പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ രണ്ട് മണിയോടെ പിരിഞ്ഞു. ആരോപണ-പ്രത്യാരോപണങ്ങൾക്കിടെ നിർത്തിവച്ച സമ്മേളനം വീണ്ടും ചേർന്നെങ്കിലും ബഹളം തുടർന്നതിനാൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു. ലോക്സഭയിലും നടപടികൾ ഇന്ന് ഒന്നിലേറെ തവണ നിർത്തിവച്ചിരുന്നു.

***************************

## പാലക്കാട് - അപകടം

പാലക്കാട് കല്ലടിക്കോടിൽ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഇടയിലേക്ക് ലോറി പാഞ്ഞുകയറി 4 വിദ്യാർത്ഥികൾ മരിച്ചു. ഒരു കുട്ടിയെ പരിക്കുകളോടെ ആശുപത്രിയിൽ

RNU TVPM

പ്രവേശിപ്പിച്ചിരിക്കുകയാണ്. കരിമ്പ ഹയർ സെക്കൻററി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനികളാണ് അപകടത്തിൽ പെട്ടത്. സിമൻറ് ലോഡുമായി വന്ന ലോറി സ്കൂൾ വിട്ട് വരുകയായിരുന്ന വിദ്യാർഥികൾക്ക് ഇടയിലേക്ക് പാഞ്ഞു കയറുകയായിരുന്നു. നാട്ടുകാരും പോലീസും ഫയർഫോഴ്സും സയുക്തമായാണ് രക്ഷാപ്രവർത്തനം നടത്തിയത്. സംഭവത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി. അപകടത്തെക്കുറിച്ച് വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുമെന്നും അദ്ദേഹം അറിയിച്ചു. പരിക്കേറ്റ കുട്ടിക്ക് അടിയന്തിര ചികിത്സ നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

****************************

**മഴ**

സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മലയോര മേഖലയിലും, താഴ്ന്ന പ്രദേശങ്ങളിലും ജനങ്ങൾ പ്രത്യേക ജാഗ്രത പാലിക്കണം. കേരള തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്ത് ഇന്നും, ലക്ഷദ്വീപ് തീരത്ത് നാളെയും മറ്റന്നാളും മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

****************************

**കെ.രാജൻ,റവന്യു മന്ത്രി**

സംസ്ഥാനത്തെ മലയോര മേഖലകളിൽ കനത്ത മഴയ്ക്ക് സാധ്യതയുള്ളതിനാൽ ജനങ്ങൾ പ്രത്യേക ജാഗ്രത പാലിക്കണമെന്ന് റവന്യൂ മന്ത്രി കെ. രാജൻ. ഇന്ന് രാത്രിയോടെ മഴ ശക്തിപ്പെടാൻ സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്. ശബരിമല തീർത്ഥാടനം പുരോഗമിക്കുന്നതിനാൽ

RNUTVPM

പത്തനംതിട്ട ജില്ലയിലെ സ്ഥിതിഗതികൾ പ്രത്യകം നിരീക്ഷിച്ചു വരുന്നതായും മന്ത്രി പറഞ്ഞു. കിഴക്കൻ കാറ്റ് ശക്തമാകാനുള്ള സാധ്യത കണക്കിലെടുത്ത് മുന്നൊരുക്കങ്ങൾ ശക്തമാക്കാൻ ജില്ലാ ഭരണകൂടങ്ങൾക്കും നിർദ്ദേശം നൽകി. നാളെ ഉച്ചയോടെ മഴ കുറയുമെന്നാണ് സൂചനകൾ.

****************************

## വൈക്കം സത്യഗ്രഹം(INTRO)

വൈക്കം സത്യാഗ്രഹ സമര നായകരിലൊരാളായിരുന്ന പെരിയാർ ഇ.വി. രാമസ്വാമി നായ്ക്കരുടെ നവീകരിച്ച സ്മാരകവും ഗ്രന്ഥാലയവും തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ ഇന്ന് നാടിന് സമർപ്പിച്ചു. വൈക്കത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷത വഹിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു.......

(വോയിസ്)

****************************

## ആരാധനാലയ സംരക്ഷണ നിയമം

ആരാധനാലയ സംരക്ഷണ നിയമത്തിനു കീഴിൽ പുതിയ ഹർജികൾ സ്വീകരിക്കരുതെന്ന് സുപ്രീംകോടതി . നിലനിൽക്കുന്ന കേസുകളിൽ പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കരുതെന്നും കീഴ്ക്കോടതികൾക്ക് സുപ്രീംകോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. 1991 ലെ ആരാധനാലയ സംരക്ഷണ നിയമത്തിൻറെ സാധുത സംബന്ധിച്ച ഹർജികളിൽ അഭിപ്രായം വ്യക്തമാക്കാൻ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ ബഞ്ച് കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ചു. രാജ്യത്തെ ആരാധനാലങ്ങൾ 1947 ലുണ്ടായിരുന്ന വിധത്തിൽ തത്സഥിതി നിലനിർത്തണമെന്നാണ് ഈ നിയമം അനുശാസിക്കുന്നത്.

****************************

RNU TVPM

## IFFK ഇൻട്രോ

29 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. വൈകുന്നേരം ആറ് മണിക്ക് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന ചടങ്ങിൽ ചലച്ചിത്ര പ്രതിഭ ശബാന അസ്മി മുഖ്യാതിഥിയാകും . വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാപ്രതിനിധി രെജു കോലിയക്കോട്......
(വോയിസ്)

*****************************

## പി.കെ.. കുഞ്ഞാലിക്കുട്ടി

മുനമ്പത്തെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ പരിഹാരം വൈകരുതെന്ന് മുസ്ലിംലീഗ് സംസ്ഥാന പ്രവർത്തക സമിതി, പ്രമേയത്തിലൂടെ സർക്കാറിനോട് ആവശ്യപ്പെട്ടതായി പാർട്ടി ദേശീയ ജനൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി. മുനമ്പത്തെ താമസക്കാരെ കുടിയൊഴിപ്പിക്കുന്ന സാഹചര്യം ഒരിക്കലും ഉണ്ടാകാൻ പാടില്ല. പ്രശ്നം നിയമപരവും വസ്തുതാ പരമായും പരിഹരിക്കേണ്ട ഉത്തരവാദിത്തം സംസ്ഥാന സർക്കാറിനാണെന്നും അദ്ദേഹം പറഞ്ഞു.

*****************************

## സെൻറർ ഓഫ് എക്സലൻസ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ കേന്ദ്ര സർക്കാർ സെൻറർ ഓഫ് എക്സലൻസ് ആയി തിരഞ്ഞെടുത്തു. അത്യാഹിത വിഭാഗ ചികിത്സയുടെ പഠനത്തിനായി നിതീ ആയോഗ് - ഐസിഎംആർ തിരഞ്ഞടുക്കുന്ന രാജ്യത്തെ 5 മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജും ഉൾപ്പെട്ടത്. ഇതിൻറെ അടിസ്ഥാനത്തിൽ ഓരോ വർഷവും രണ്ടു കോടി രൂപ മെഡിക്കൽ കോളേജിന് ലഭിക്കും. ചരിത്രത്തിൽ ആദ്യമായാണ് സംസ്ഥാനത്ത നിന്നൊരു

RNU TVPM

മെഡിക്കൽ കോളേജിന് സെൻറർ ഓഫ് എക്സലൻസ് പദവി ലഭിക്കുന്നത്.

****************************

## ചക്കുളത്തുകാവ് പൊങ്കാല

പ്രശസ്തമായ ചക്കുളത്തുകാവ് പൊങ്കാല നാളെ. പൊങ്കാലയോടനുബന്ധിച്ച് ആലപ്പുഴ ജില്ലയിലെ കുട്ടനാട്, ചെങ്ങന്നൂർ, മാവേലിക്കര, അമ്പലപ്പുഴ താലൂക്കുകളിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധിയാണ്.മുൻ നിശ്ചയിച്ച പൊതുപരീക്ഷകൾക്ക് മാറ്റമില്ല.

****************************

## കരോൾ സന്ധ്യ

ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ ആഭിമുഖ്യത്തിൽ മറ്റന്നാൾ ശാന്തിഗീതം കരോൾ സന്ധ്യ സംഘടിപ്പിക്കും. വൈകുന്നേരം 5 മണിക്ക് തിരുവനന്തപുരം വൈ.എം.സി.എ ഹാളിലാണ് പരിപാടി.

RNU TVPM

****************************

## ഐ.എസ്.എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ്ബംഗാൾ ഒഡിഷ എഫ് സി യെ നേരിടും. രാത്രി 7 .30 ന് കൊൽക്കത്തയിലാണ് മത്സരം.

****************************

## ചെസ്

ലോക ചെസ് ചാമ്പ്യനായി ഇന്ത്യയുടെ ഡി. ഗുകേഷ്. ഫിഡെ ലോക ചെസ് ചാമ്പ്യൻഷിപ്പിന്റെ 14-ാമത്തെയും അവസാനത്തെയും മത്സരത്തിൽ നിലവിലെ ചാമ്പ്യൻ ചൈനയുടെ ഡിംഗ് ലിറനെ പരാജയപ്പെടുത്തിയാണ് 18 കാരനായ ഗുകേഷ് ഈ അതുല്യ നേട്ടം കൈവരിച്ചത്.

****************************

## കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്ക്

ശബരിമലയിൽ പോലീസ് ഉദ്യോഗസ്ഥന് കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്ക്. ഉച്ചക്ക് മെസ്സിൽ നിന്നും ഭക്ഷണം കഴിച്ച് മടങ്ങുമ്പോഴാണ് എസ് സി പി ഓ പയ്യന്നൂർ സ്വദേശി സത്യനെ കാട്ടുപന്നി കുത്തി വീഴ്ത്തിയത്.

****************************

## റേഷൻകാർഡ് തരം മാറ്റം

വെള്ള, നീല നിറത്തിലെ പൊതുവിഭാഗം റേഷൻ കാർഡുകൾ പിങ്ക് കാർഡുകളാക്കി തരം മാറ്റുന്നതിന് ഡിസംബർ 25 വരെ അപേക്ഷ സമർപ്പിക്കാൻ അവസരം. കാർഡുടമകൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അംഗീകൃത അക്ഷയ കേന്ദ്രങ്ങൾ വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ വഴിയോ അപേക്ഷ സമർപ്പിക്കാം.

****************************

***********************

*************

RNU TVPM